# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LX - JK 1** | **2016 December 20** | **No. 1**


## ഇടയലേഖനം

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

'രൂപതകളുടെ മാതാവ്' എന്ന് അറിയപ്പെടുന്ന വരാപ്പുഴ അതി രൂപതയ്ക്ക് ആത്മീയ നേതൃത്വം ഏകാൻ, ഞാനേറെ ആദരിക്കുന്ന ഫ്രാൻസീസ് പാപ്പ എന്നെ നിയോഗിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം വരുന്നത് ജോൺപോൾ രണ്ടാമൻ പാപ്പായുടെ ആദർശവാക്യ മാണ്: **TOTUS TUUS** – 'എനിക്കുള്ളതെല്ലാം പൂർണമായും നിന്റേതാണ്.' ജീവിതത്തിലുടനീളം അത്ഭുതകരമായ വഴികളിൽ എന്നെ നയിച്ച പരി ശുദ്ധ മാതാവിനോടൊപ്പം ഞാൻ പറയുന്നു: "എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ." എനിക്കുള്ളതെല്ലാം നല്ല ദൈവത്തിന്റെ ദാന ങ്ങളാണെന്ന് എനിക്ക് ഉറച്ച ബോദ്ധ്യമുണ്ട്. ആ ബോദ്ധ്യമാണ് എന്നെ നയിക്കുന്നത്. 1886 സെപ്തംബർ 1-ന് **Humane Salutis Auctor'** എന്ന തിരുവെഴുത്തിലൂടെ ലിയോ പതിമൂന്നാമൻ പാപ്പ സ്ഥാപിച്ച വരാപ്പുഴ അതിരൂപതയുടെ ചരിത്രം അതിനും എത്രയോ നൂറ്റാണ്ടു കൾക്കു മുമ്പുതന്നെ തുടങ്ങുന്നു എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. കർമ്മലീത്താ മഹാമിഷണറിമാരുടെ ത്യാഗവും ദീർഘവീക്ഷണവും നന്ദിയോടെ നാം ഓർക്കണം. ചരിത്രവഴികൾ പഠിക്കണം. ഇന്ന് 1500 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ ഏകദേശം 58000 കുടുംബങ്ങളും

3,50,000 ലത്തീൻ കത്തോലിക്കാ അംഗങ്ങളും 79 ഇടവകകളും 28 Quasi parish കളും 75 സബ് സ്റ്റേഷനുകളും 8 ഫൊറോനകളുമായി വ്യാപിച്ചു കിടക്കുന്ന ഈ അതിരൂപതയുടെ അതിസമ്പന്നമായ പാരമ്പര്യത്തിന്റെയും വിശ്വാസവളർച്ചയുടേയും കണ്ണികളായി തീരുന്നതിൽ നമ്മൾ സന്തോഷിക്കണം. അതിരൂപതയുടെ കാവൽ വിശുദ്ധനായ യൗസേപ്പ് പിതാവിന്റെ പേരുതന്നെ എനിക്ക് നൽകപ്പെട്ടത് ദൈവനിയോഗമായി ഞാൻ കാണുന്നു, അതിനു ഞാൻ ദൈവത്തിനു നന്ദി പറയുന്നു.

വരാപ്പുഴ അതിരൂപതാ മന്ദിരത്തിലേക്ക് ഞാൻ വീണ്ടും വന്നപ്പോൾ ഈ ഭവനത്തെ വിശുദ്ധമാക്കിയ സാന്നിദ്ധ്യങ്ങളെ ഞാൻ ഓർത്തു. വിശുദ്ധരും വിജ്ഞാനികളുമായ മെത്രാപ്പോലീത്തമാരാണ് നമുക്ക് ഉണ്ടായിരുന്നത്. ചൈതന്യവാഹികളായ വികാർ ജനറൽമാരും വൈദികപ്രമുഖരും അഹോരാത്രം സേവനം ചെയ്ത ഭവനമാണിത്. വിശുദ്ധ ചാവറാ കുര്യാക്കോസ് ഏലിയാസച്ചൻ വരാപ്പുഴ വികാരിയാത്തിന്റെ സുറിയാനി വിഭാഗം വികാരി ജനറലായിരുന്നു. വി. മാക്സിമില്യൻ കോൾബേ, വി. ജോൺപോൾ രണ്ടാമൻ, വി. മദർ തെരേസ എന്നിവർ ഈ മന്ദിരത്തിൽ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് ഓർക്കുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരു ആനന്ദം എന്നിൽ നിറയുന്നു. ധന്യരായ ജോൺ വിൻസെന്റ് മൂപ്പച്ചനും, ഔറേലിയനച്ചനും, സക്കറിയാസച്ചനും, വിശുദ്ധമായ ആത്മബന്ധം അതിരൂപതയുമായി കാത്തു സൂക്ഷിച്ചിരുന്നു. അതിരൂപതാമക്കളും ദൈവദാസന്മാരുമായ തിയോഫിനച്ചൻ, ജോർജ്ജ് വാകയിലച്ചൻ, ദൈവദാസിമാരായ മദർ ഏലീശ്വാ വാകയിൽ, മദർ ട്രീസ ഓഫ് സെന്റ് റോസ് ഓഫ് ലിമ എന്നിവരെയൊക്കെ ആദരപൂർവ്വം ഞാൻ ഓർക്കുന്നു. നമ്മുടെ വിശുദ്ധമായ ചരിത്രത്തെക്കുറിച്ച് നമുക്ക് ഓർമ്മകൾ ഉണ്ടായിരിക്കണം. വരാപ്പുഴ അതിരൂപതയുടെ 19 കർമ്മലീത്താമെത്രാന്മാരും, ജോസഫ് അട്ടിപ്പേറ്റി പിതാവ്, ജോസഫ് കേളന്തറ പിതാവ്, കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ്, ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ്, സഹായമെത്രാൻ ആന്റണി തണ്ണിക്കോട്ട് പിതാവ് എന്നിവരും മറ്റ് ശ്രേഷ്ഠപുരോഹിതരും അത്മായ നേതാക്കളും അതിരൂപതയെ വളർത്താൻ എത്രമാത്രം ബുദ്ധിമുട്ടിയിട്ടുണ്ടെന്ന് ഞാൻ ഏറെ നന്ദിയോടെ ഓർക്കുന്നു. ജോസഫ് കാരിക്കശ്ശേരി പിതാവിന്റെയും അലക്സ് വടക്കുംതല പിതാ

വിന്റെയും ആർച്ച്ബിഷപ്പ് ഫ്രാൻസിസ് അസ്സീസ്സി ചുള്ളിക്കാട്ട് പിതാവിന്റെയും സേവനങ്ങൾ അവർ സ്തുത്യർഹമായി ഇപ്പോഴും തുടരുന്നു. എന്റെ മുൻഗാമി ഫ്രാൻസിസ് കല്ലറക്കൽ പിതാവ് എനിക്ക് ജ്യേഷ്ഠസഹോദരനാണ്. ഏറെ സൗഹൃദവും സ്നേഹവും പ്രദർശിപ്പിക്കുന്ന അദ്ദേഹം ചടുലമായ പ്രവർത്തനങ്ങളിലൂടെ അതിരൂപതയെ ഏറെ വളർത്തി. അദ്ദേഹത്തിന്റെ ഏറ്റവും മുഖ്യമായ ശുശ്രൂഷ അതിരൂപതയിൽ നടത്തപ്പെട്ട സിനഡ് നമുക്ക് പ്രത്യേകം ഓർക്കാം. ഇനിയും ഉപദേശവും മാതൃകയുമായി അദ്ദേഹം കൂടെയുണ്ടാകുമെന്ന് അറിയാം.

ദൈവത്തിലാശ്രയിച്ച് ഓരോ ചുവടും വയ്ക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 'എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം സാധിക്കും' (ഫിലി. 4:13) എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഫ്രാൻസീസ് പാപ്പാ ഓർമ്മപ്പെടുത്തുംപോലെ യേശുവിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് ഓടാനാണ് എനിക്കിഷ്ടം.

വളരെ നല്ലവരായ രൂപതാ വൈദികരും നിസ്വാർത്ഥസേവനം ചെയ്യുന്ന സമർപ്പിതരും കർമ്മശേഷിയുള്ള അത്മായരും അതിരൂപതയുടെ അനുഗ്രഹമാണ്. ദൈവാനുഗ്രഹത്താൽ സമൃദ്ധമായ ദൈവവിളിയും നമുക്കുണ്ട്. ഞാൻ ശ്രദ്ധവെക്കണമെന്ന് കരുതുന്ന പ്രവർത്തന മേഖലകൾ പ്രധാനമായും താഴെ പറയുന്നവയാണ്.

**1. വിശ്വാസപരിശീലനം**

എല്ലാ തലങ്ങളിലും പ്രായവിഭാഗങ്ങളിലുംപെട്ടവർക്ക് ആഴമാർന്ന വിശ്വാസാനുഭവം നൽകാൻ നിലവിലുള്ള സംവിധാനങ്ങളെ എന്നാലാവുംവിധം ശക്തിപ്പെടുത്തും. വൈദികരുടെ തുടർപരിശീലനം, സെമിനാരി പരിശീലനം, അത്മായ പരിശീലനം എന്നിവയൊക്കെ ഏറെ പ്രാധാന്യത്തോടെ ഞാൻ കാണുന്നു.

**2. കുടുംബപ്രേഷിതത്വം**

കുടുംബം നന്നായാൽ ലോകം മുഴുവൻ നന്നാകും. ഗാർഹിക സഭയായ കുടുംബത്തിന്റെ മൂല്യങ്ങൾ നിലനിർത്താനും കുടുംബ യൂണിറ്റു പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും ഒരുമിച്ച് നാം പ്രവർത്തിക്കണം.

### 3. വിദ്യാഭ്യാസം

പള്ളിയോടൊപ്പം പള്ളിക്കൂടം വേണം എന്ന് നിഷ്കർഷിച്ചത് ബർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത ആണ്. 1872 നവംബർ 7ന് പുറപ്പെടുവിച്ച ഇടയലേഖനത്തിലൂടെ ലെയെനാർഡ് മെല്ലാനോ പിതാവ് സ്കൂളുകൾ വിപുലീകരിക്കാൻ ഉത്തരവുതന്നെ നൽകി. തുടർന്ന് വിദ്യാഭ്യാസ മേഖലയിൽ വലിയ പുരോഗതി ഉണ്ടായി. നാം വിദ്യാഭ്യാസത്തിനു ഇനിയും വലിയ പ്രാധാന്യം നൽകണം. IAS, IPS, IFS തലങ്ങളിലേക്കും ഉന്നതശ്രേണികളിലേക്കും വളർന്നു വരുന്ന വിധത്തിൽ പുതിയ തലമുറയെ വാർത്തെടുക്കണം.

മാധ്യമരംഗത്തേക്കും സവിശേഷശ്രദ്ധ കൊണ്ടുവരണമെന്ന് ഞാൻ കരുതുന്നു. നമ്മുടെ സാമൂഹ്യസേവനം കൂടുതൽ ആളുകൾക്ക് ഉപകാരപ്രദമാകണം. ഫ്രാൻസീസ് പാപ്പയോടൊപ്പം 3 വർഷത്തിലേറെ ഒരേ ഭവനത്തിൽ താമസിച്ച എന്നെ അദ്ദേഹത്തിന്റെ ജീവിതം ഏറെ സ്വാധീനിച്ചു. ലാളിത്യവും സേവനസന്നദ്ധതയും, സമർപ്പണബോധവും ഉണ്ടെങ്കിലേ സഭ യേശു വിഭാവനം ചെയ്യുന്ന രീതിയിൽ വളരൂ. ആടുകളുടെ ഗന്ധമുള്ള ഇടയന്മാരും ത്യാഗസന്നദ്ധതയുള്ള അജഗണവും ഒരുമിച്ചു ചേരണം. അനാവശ്യ ആർഭാടങ്ങൾ ഒഴിവാക്കി സമൂഹനിർമ്മിതിയിൽ നാം പങ്കുചേരണം.

'Super Omnia Caritas' (സ്നേഹം സർവോത്കൃഷ്ടം) എന്ന എന്റെ ആപ്തവാക്യം നിരന്തരം എന്നെ വിചിന്തനത്തിലേക്ക് നയിക്കുന്നു. ഒരുപാടുപേരുടെ സ്നേഹത്താലും ദൈവത്തിന്റെ അനന്തകൃപയാലുമാണ് ഞാൻ ഞാനായി തീർന്നത്. ഇനിയും ദൈവത്തിന്റെ കരുണ എന്നെ നയിക്കട്ടെ എന്നു മാത്രമാണ് എന്റെ പ്രാർത്ഥന.

ഫ്രാൻസിസ് പാപ്പ എന്നും സ്വയം ചോദിക്കുന്നതുപോലെ ഈശോയ്ക്കുവേണ്ടി ഞാൻ എന്തു ചെയ്തു? എന്തു ചെയ്യുന്നു? എന്ത് ചെയ്യും? എന്ന് നമ്മളും സ്വയം ചോദിച്ചു തുടങ്ങണം. പാപ്പ തന്നെ ഓർമ്മപ്പെടുത്തുംപോലെ ദൈവത്തിന്റെ സദ്വാർത്തയേകാൻ ഓടി മുന്നേറേണ്ട ഓട്ടക്കാരാണ് നാം. കർത്താവിന്റെ ദീപശിഖയുമായി ഏറ്റവും വേഗത്തിൽ നാം ഓടി, അടുത്ത തലമുറക്ക് അത് കൈമാറണം. "നവജീവനിലേക്ക് ഒരു തീർത്ഥാടനം: വിശ്വാസം, പങ്കാളിത്തം, സമൂഹനിർമ്മിതി" എന്ന ആപ്തവാക്യത്തോടെ നടത്തിയ അതിരൂ

പതാ സിനഡിലെ നല്ല തീരുമാനങ്ങൾ നമുക്ക് ഒരുമിച്ച് പ്രാവർത്തികമാക്കാൻ പരിശ്രമിക്കാം. അങ്ങനെ എല്ലാ തലങ്ങളിലുമുള്ള ആത്മീയ നവോത്ഥാനം സാധ്യമാക്കിക്കൊണ്ട് ഒത്തൊരുമയോടെ 'ഒരേ ഹൃദയവും മനസ്സുമായി' നമുക്കു മുന്നേറാം.

വല്ലാർപാടം ബസിലിക്കയിൽ നടന്ന എന്റെ സ്ഥാനാരോഹണ ചടങ്ങുകൾക്ക് നേതൃത്വമേകിയ അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഫ്രാൻസീസ് കല്ലറക്കൽ പിതാവിനും ജനറൽ കൺവീനർ മോൺ. ജോസഫ് പടിയാരംപറമ്പിലിനും, വൈസ് ചെയർമാൻ മോൺ. മാത്യു ഇലഞ്ഞിമറ്റത്തിനും വിവിധ കമ്മിറ്റികളുടെ ചെയർമാൻമാർക്കും കൺവീനർമാർക്കും മറ്റു അംഗങ്ങൾക്കും വല്ലാർപാടം തീർത്ഥാടനകേന്ദ്രം ബസിലിക്ക റെക്ടർ മോൺ. ജോസഫ് തണ്ണിക്കോട്ടിനും വൈദിക-സന്ന്യസ്തസമൂഹത്തിനും തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാനെത്തിയ വിശ്വാസിസമൂഹത്തിനും സാന്നിദ്ധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും എന്നെ അനുഗ്രഹിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി പറയുന്നു.

2017 നമുക്കേവർക്കും സമൃദ്ധമായ അനുഗ്രഹങ്ങളുടെ വർഷമാകട്ടെ എന്നാശംസിച്ചുകൊണ്ട്, എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2016 ഡിസംബർ 19-ാം തീയതി,

എറണാകുളം
19.12.2016

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

---

N.B.: ഈ ഇടയലേഖനം 2017 ജനുവരി 1-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## സർക്കുലർ 1

# വിദ്യാഭ്യാസവാരം : 2017 ജനുവരി 15 – 22

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഏതൊരു സമൂഹത്തിന്റെയും ഉയർച്ചയ്ക്കും വളർച്ചയ്ക്കും കാരണമാകുന്നത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തി നേടിയെടുക്കുന്ന ഉൾക്കാഴ്ച ഇരുളിന്റെ മറവിൽ ഇനിയും പ്രകാശിക്കേണ്ട വിളക്കുകൾക്ക് എണ്ണ പകരുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും മനുഷ്യനെ അറിവിന്റെ പ്രകാശത്തിലേക്ക് നയിക്കുന്നത് വിദ്യാഭ്യാസമാണ്. ഇപ്രകാരം വെളിച്ചം ലഭിച്ച മനുഷ്യനു മാത്രമേ സമൂഹത്തെ ശ്രേഷ്ഠമായ കാഴ്ചപ്പാടുകളോടെ കെട്ടിപടുക്കുവാൻ സാധിക്കുകയുള്ളൂ.

പള്ളിയോടൊപ്പം പള്ളിക്കൂടമെന്ന വിപ്ലവദർശനവുമായി വിദ്യാലയങ്ങൾ ആരംഭിച്ച് അടിസ്ഥാനവിദ്യാഭ്യാസത്തിന് ആരംഭം കുറിച്ചത് ലത്തീൻ സമുദായത്തിന്റെ തീക്ഷ്ണമതികളായ മിഷണറിമാരായിരുന്നു. അങ്ങനെ കേരളത്തിന്റെ വിദ്യാഭ്യാസ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് കർമ്മലീത്താമിഷണറിമാരും സഭാനേതൃത്വവും ആണെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. എന്നാൽ കാലക്രമേണ ഇതര സമുദായങ്ങളേക്കാൾ അൽപം പുറകിലായിപ്പോയില്ലേ വിദ്യാഭ്യാസ പുരോഗതിയുടെ കാര്യത്തിൽ നമ്മുടെ സമുദായം എന്നു തോന്നി പോകുന്നു. ഈ സ്ഥിതി മാറ്റിയെടുക്കാൻ ദീർഘവീക്ഷണത്തോടെ പല പദ്ധതികളും നമ്മുടെ അതിരൂപതയും കാലാകാലങ്ങളിൽ നമ്മെ നയിച്ച അതിരൂപത അദ്ധ്യക്ഷന്മാരും നിർവ്വഹിച്ചിട്ടുണ്ട് എന്നുള്ളത് നാം വിസ്മരിക്കരുത്. വളർന്നു വരുന്ന തലമുറയ്ക്ക് ഉത്തമ വിദ്യാഭ്യാസം സംലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കേണ്ടത് നമ്മുടെ കടമയാണ്.

അറിവിന്റെ ലോകത്തെ അവഗണിച്ച അനുഭവങ്ങളും അതുവഴിയുണ്ടായ മുറിവുകളും നാം തിരിച്ചറിഞ്ഞു എന്നതിന്റെ അടയാളമാണ് നമ്മുടെ അതിരൂപതയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നടക്കുന്ന

വിദ്യാഭ്യാസ ഉന്നമനപ്രവർത്തനങ്ങളും അതുവഴി നാം കൈവരിച്ച അഭിമാനാർഹമായ നേട്ടങ്ങളും. സഭയുടെ ഉന്നമനത്തിനും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടി കുട്ടികളെ കൈപിടിച്ചു നടത്താൻ പ്രാപ്തിയുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല എന്നുള്ളതാണ് ലത്തീൻ സമുദായം വിദ്യാഭ്യാസപരമായി വളരാതിരുന്നതിനുള്ള കാരണം. ഇവിടെയാണ് ഒരു കൊച്ചു സമൂഹത്തിന്റെ പുതിയ ദർശനവും കാഴ്ച്ചപ്പാടുകളുമായി നവദർശൻ രൂപം കൊണ്ടത്. വരാപ്പുഴ അതിരൂപത വിദ്യാഭ്യാസ മേഖലയിൽ നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയുന്നുണ്ട്. അതിനുള്ള ഒരു പ്രധാന കാരണം വരാപ്പുഴ അതിരൂപതയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന നദവദർശന്റെ പിന്തുണയാണെന്നതിൽ സംശയമില്ല. വിദ്യാഭ്യാസസമിതികളുടെ സഹായത്തോടെ അതിരൂപതയുടെ എല്ലാ ഇടവകകളിലും നവദർശൻ അർത്ഥവത്തായ കർമ്മപരിപാടികളാണ് നാളിതുവരെ കാഴ്ചവച്ചിട്ടുള്ളത്. ഇക്കാരണത്താലാണ് നമ്മുടെ അതിരൂപതയിലെ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം മുന്നിൽ കണ്ടുകൊണ്ട് 25 കോടിലിയധികം രൂപ നവദർശൻ വിദ്യാഭ്യാസപദ്ധതി വഴി കരുതൽ നിക്ഷേപമായി മാറ്റിവച്ചിട്ടുള്ളത്. ഇതെല്ലാം വിരൽചൂണ്ടുന്നത് സുരക്ഷിതമായ ഭാവിതലമുറയുടെ വിദ്യാഭ്യാസത്തിലേക്കാണ്.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളും വിദ്യാഭ്യാസത്തിന്റെ സംരക്ഷണം അനുഭവിക്കുന്നത് നാം കണ്ട വലിയ സ്വപ്നമാണ്. രണ്ടായിരത്തി ഇരുപതാമാണ്ടോടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കാൻ നാം സമാരംഭിച്ചതാണ് എഡ്യുവിഷൻ 2020. ഇതിന്റെ ഭാഗമായിട്ടാണ് ഇടവകതലത്തിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ എപ്രകാരം നടക്കുന്നു എന്ന് വിലയിരുത്തുന്നതിനും മറ്റുമായി വർഷംതോറും നാം വിദ്യാഭ്യാസവാരം ആചരിക്കുന്നത്. ഈ വർഷത്തെ വിദ്യാഭ്യാസവാരം ജനുവരി 15-ാം തീയതി ആരംഭിച്ച് ജനുവരി 22 നു അവസാനിക്കുന്നു. ജനുവരി 15-ാം തീയതി ഞായറാഴ്ച പ്രധാന ദിവ്യബലിക്കു ശേഷം ദീപം തെളിച്ചുകൊണ്ടാണ് ഇടവകയിലെ വിദ്യാഭ്യാസവാരാചരണത്തിന് തുടക്കമിടുന്നത്. ഓരോ ഇടവകയിലും ബഹുമാനപ്പെട്ട വികാരിയച്ചനും വിദ്യാഭ്യാസസമിതിയും മതബോധനവിഭാഗവും മറ്റു സംഘ

ടനകളും ചേർന്ന് 4 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ പഠനമികവു ഉറപ്പുവരുത്താൻ നടത്തുന്ന നവദർശന്റെ കർമ്മപരിപാടികൾക്ക് പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞവർഷം വരാപ്പുഴ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി +2 പാസായതിനുശേഷം ഉന്നതവിദ്യാഭ്യാസം നടത്തുന്ന 2603 വിദ്യാർത്ഥികൾക്ക് 1 കോടി 5 ലക്ഷം രൂപ സ്കോളർഷിപ്പായി നൽകാൻ സാധിച്ചു. വരുന്ന വർഷങ്ങളിൽ ഇതിലും നല്ല രീതിയിൽ സ്കോളർഷിപ്പ് നൽകുന്നതിന്റെ ഭാഗമായി വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസഫണ്ടിലേക്ക് അതിരൂപതയിലെ എല്ലാ കുടുംബങ്ങളും കഴിയുന്ന രീതിയിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഇതിനായി ഈ വിദ്യാഭ്യാസവാരത്തിൽ എല്ലാ ഭവനങ്ങളിലേക്കും ഒരു വിദ്യാഭ്യാസനിധി സമാഹരണ കവർ നൽകുകയാണ്. ഈ കവറിൽ നിങ്ങളുടെ കഴിവിന്റെ ഒരു ഓഹരി നമ്മുടെ കുട്ടികൾക്കുതന്നെ വർഷാവർഷങ്ങളിൽ നവദർശൻ സ്കോളർഷിപ്പിലൂടെ ലഭിക്കുന്നതാണ്. ഈ മഹത്തായ സംരംഭത്തിൽ നമ്മുടെ അതിരൂപതയിലെ ഓരോ കുടുംബത്തിന്റേയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്താം. അതുവഴി വിദ്യാഭ്യാസത്തിലെ സാമുദായിക പുരോഗതി കൈവരിക്കാനും കഴിയുമെന്ന് പ്രത്യാശിക്കുകയാണ്. കഴിഞ്ഞ വർഷത്തിൽ വിദ്യാഭ്യാസനിധി സമാഹരണകവറിലൂടെ അതിരൂപത വിദ്യാഭ്യാസഫണ്ടിലേക്ക് മുപ്പതു ലക്ഷത്തി ഇരുപത്തെട്ടായിരത്തി മുന്നൂറ്റി ഇരുപത്തെട്ടു രൂപ ശേഖരിക്കാൻ നമുക്ക് കഴിഞ്ഞു. ഇതുവരെ വരാപ്പുഴ അതിരൂപതയുടെ വിദ്യാഭ്യാസഫണ്ടിലേക്ക് 4 കോടി 18 ലക്ഷം രൂപ ശേഖരിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. അതിരൂപതാ വിദ്യാഭ്യാസഫണ്ട് 10 കോടി രൂപയാക്കുകയാണ് നമ്മുടെ ലക്ഷ്യം. ഇതിനുവേണ്ടി അക്ഷീണം പരിശ്രമിക്കുന്ന ഫണ്ട് മൊബിലൈസേഷൻ കമ്മിറ്റി ചെയർമാൻ മോൺ. ജോസ് പടിയാരംപറമ്പിലിനെയും വൈസ്ചെയർമാൻ റവ. ഫാ. ജൂഡിസ് പനക്കലിനേയും കൺവീനർ അഡ്വ. വി. എ. ജെറോമിനെയും മറ്റ് കമ്മിറ്റി അംഗങ്ങളേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

വിദ്യാഭ്യാസവാരത്തിലെ 22-ാം തീയതി ഞായറാഴ്ച ദിവ്യബലിമദ്ധ്യേ എടുക്കുന്ന സ്തോത്രക്കാഴ്ച്ചയും കൂടാതെ ഓരോ ഇടവ

കയിൽ നിന്നും വിദ്യാഭ്യാസനിധി സമാഹരണ കവറിലൂടെ ശേഖരിക്കുന്ന തുകയും ചേർത്ത്, വരുന്ന ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം 4 മണിക്ക് അതിരൂപത മന്ദിരത്തിൽ വച്ച് വികാരിയച്ചനും വിദ്യാഭ്യാസമിതി കൺവീനറും ചേർന്ന് എന്നെ ഏൽപ്പിക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിൽ നിന്നും സമാഹരിച്ച തുകയുടെ വിശദവിവരങ്ങൾ ജീവദീപ്തിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

തുടർവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസരംഗങ്ങൾ, മറ്റ് മത്സര പരീക്ഷകൾ എന്നിവയ്ക്ക് വേണ്ടത്ര ശ്രദ്ധ നൽകിയാൽ വിദ്യാഭ്യാസ പുരോഗതിയും, അതുവഴി സമൂഹവളർച്ചയും നമുക്ക് കൈവരിക്കുവാൻ കഴിയും. ഇതിനായി ഇടവകയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികർ, സന്ന്യസ്തർ, ഇടവക വിദ്യാഭ്യാസസമിതി ഭാരവാഹികൾ എന്നിവരെ ഞാൻ അഭിനന്ദിക്കുന്നു. നിസ്വാർത്ഥമായി സാമ്പത്തിക സഹായം നൽകുന്നവരേയും പ്രാർത്ഥനാപൂർവ്വം ഞാൻ അനുസ്മരിക്കുന്നു. നമ്മുടെ സമുദായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും അനുപേക്ഷണീയമായ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങളുടെ വിജയത്തിനായി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2016 ഡിസംബർ 27-ാം തീയതി,

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2017 ജനുവരി 15-ാം തിയതി ഞായറാഴ്ച്ച ദിവ്യ ബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## പ്രതിജ്ഞ

**വിജ്ഞാനത്തിന്റെ / ഉറവിടമായ / ദൈവമെ / വരാപ്പുഴ അതിരൂപത/ സമാരംഭിച്ചിട്ടുള്ള / വിദ്യാഭ്യാസ/വികസന/പ്രവർത്തനങ്ങളിൽ/സജീവമായി /പങ്കുകൊള്ളാമെന്ന് /ഞാൻ വാഗ്ദാനം ചെയ്യുന്നു. / സമുദായത്തിന്റെയും / സമൂഹത്തിന്റെയും / മുന്നേറ്റത്തിന് / വിദ്യാഭ്യാസം / അനിവാര്യമാണെന്ന് / ഞാൻ ഏറ്റുപറയുന്നു. / മെച്ചപ്പെട്ട / വിദ്യാഭ്യാസം / നേടുന്നതിനും / നൽകുന്നതിനും / മൂല്യബോധമുള്ള / പൗരന്മാരെ / രൂപപ്പെടുത്തുന്നതിനും/ എന്റെ / വിലയേറിയ / സമയവും / കഴിവും / വിനിയോഗിക്കുമെന്നും / എന്റെ മാതാപിതാക്കളെയും / ഗുരുജനങ്ങളെയും/ മുതിർന്നവരേയും / ബഹുമാനിക്കാമെന്നും / ഞാൻ പ്രതിജ്ഞ ചെയ്യുന്നു. / ബോധജ്ഞാനത്തിന്റെ / സിംഹാസനമായ / പരിശുദ്ധ മറിയം / എന്റെ ഈ പ്രതിജ്ഞ / നിറവേറ്റാൻ / എന്നെ/ സഹായിക്കുമാറാകട്ടെ. /ആമേൻ**

## വിശ്വാസികളുടെ പ്രാർഥന

1. ദൈവമേ, തിരുസഭയേയും, പരിശുദ്ധപിതാവിനേയും, എല്ലാ മെത്രാന്മാരേയും, പ്രത്യേകമായി ഞങ്ങളുടെ അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനേയും അങ്ങയുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. ശാരീരികവും, ആത്മീയവുമായ വരദാനങ്ങളേകി അവരെ കാത്തു പരിപാലിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, ഞങ്ങളാരംഭിക്കുന്ന ഈ വിദ്യാഭ്യാസവാരത്തിൽ ഞങ്ങളുടെ അതിരൂപതാസമൂഹം കത്തോലിക്കാ വിശ്വാസത്തിൽ ഉറച്ചുനിന്ന്, വിദ്യാഭ്യാസത്തിലൂടെ വളർച്ചനേടുവാനും, കുടുംബത്തിൽ അച്ചടക്കവും, നല്ലശീലങ്ങളും, സ്വായത്തമാക്കി, ജീവിതപുരോഗതി കൈവരിക്കുവാനും അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. എല്ലാ നന്മകളുടേയും ദാതാവായ ദൈവമേ, അതിരൂപതയുടെ ദീർഘകാല വിദ്യാഭ്യാസപദ്ധതിയായ എഡ്യുവിഷൻ 2020-ന്റെ പ്രവർത്തനങ്ങളെയെല്ലാം ഞങ്ങൾ അങ്ങേ തിരുമുമ്പിൽ സമർപ്പിക്കുന്നു. ഇതിനായി പ്രയത്നിക്കുന്ന എല്ലാ അതിരൂപതകമ്മിറ്റി അംഗങ്ങളേയും വിദ്യാഭ്യാസപ്രവർത്തകരെയും, വൈദികരും സന്യസ്തരും അൽമായരും ഉൾപ്പെടുന്ന വിദ്യാഭ്യാസസമിതി അംഗങ്ങളെയും എല്ലാ വിദ്യാർത്ഥി സമൂഹത്തേയും അദ്ധ്യാപകരേയും മാതാപിതാക്കളേയും അങ്ങ് അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, എഡ്യൂവിഷൻ 2020-ന്റെ ഭാഗമായി നടപ്പിലാക്കുന്ന അതിരൂപതാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ ആവശ്യമായ സാമ്പത്തികമാർഗ്ഗം കണ്ടെത്തുന്നതിന് രൂപികരിച്ചിട്ടുള്ള വിവിധ ഫണ്ടുകളും, സ്മാരകനിധിയുമെല്ലാം തിരുവിഷ്ടപ്രകാരം പുരോഗതി കൈവരിക്കുവാൻ അങ്ങേ കൃപാകടാക്ഷം ഞങ്ങളിൽ ചൊരിയണമേ. ഈ പദ്ധതിയുടെ വിജയത്തിനായി സാമ്പത്തികസഹായം നൽകി സഹകരിക്കുന്ന എല്ലാവരേയും, അവരുടെ കുടുംബാംഗങ്ങളേയും സമൃദ്ധമായി അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ ദൈവമേ, അതിരൂപതാ മക്കളുടെ ഉന്നതമായ വിദ്യാഭ്യാസം ലക്ഷ്യമാക്കി വലിയ പദ്ധതിക്ക് തുടക്കം കുറിച്ച് അങ്ങേ സവിധംപൂകിയ ഞങ്ങളുടെ അഭിവന്ദ്യ ഡാനിയേൽ പിതാവിനും അതിരൂപതയിൽ വിദ്യാ വിദ്യാഭ്യാസ രംഗത്ത് മികച്ച സേവനം നൽകി മൺമറഞ്ഞുപോയ എല്ലാവർക്കും നിത്യശാന്തി നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21